വൈദ്യുതി ബോർഡ് തന്നെ ഏതാണ്ട് 300 മെഗാവാട്ടോളം സ്ഥാപിത ശേഷിയുള്ള പുതിയ ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നുണ്ട്. ഇതുകൂടാതെ സൗരോർജ്ജ നിലയങ്ങളിൽ നിന്നും കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി ഉല്പാദിപ്പിച്ച് അന്യ സംസ്ഥാനങ്ങൾക്ക് നൽകുന്ന കാര്യം

31 (4022) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് നിന്നും വൈദ്യുതി ഉല്പാദിപ്പിച്ച് അന്യ സംസ്ഥാനങ്ങൾക്ക് നല്കുന്നുണ്ടോ; 2014 ജനുവരി മുതൽ നവംബർ വരെ ഇപ്രകാരം എത്ര വൈദ്യുതി വിറ്റഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

കേരളത്തിന്റെ ആഭ്യന്തര വൈദ്യുതാവശ്യം നിറവേറ്റുന്നത് പ്രധാനമായും കേരളത്തിനുള്ളിലെ ജലവൈദ്യുത നിലയങ്ങളിൽ നിന്നും (30-35%) കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നുമുള്ള (40-45%) വൈദ്യുതി ഉപയോഗിച്ചാണ്. ശേഷം വേണ്ടിവരുന്ന വൈദ്യുതി സ്വകാര്യമോ സംയുക്ത സംരംഭങ്ങളോ ആയ ഉത്പാദകരിൽ നിന്ന് നേരിട്ടോ, അംഗീകൃത വ്യാപാരികൾ മുഖേനയോ കരാർ ചെയ്യുന്നു (10-15%). തികയാതെ വരുന്ന വൈദ്യുതിക്കായി ദ്രവ ഇന്ധന നിലയങ്ങളെയും പവ്വർ എക്സ്ചേഞ്ചുകളെയും ആശ്രയിക്കാറുണ്ട്. മേൽപ്പറഞ്ഞതിൽ ദ്രവഇന്ധന നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ ഇന്ധനച്ചെലവ് മറ്റുള്ള സ്രോതസ്സുകളിൽ നിന്നുള്ളതിനെക്കാൾ കൂടുതൽ ആയതിനാൽ (യൂണിറ്റിന് 10 രൂപ മുതൽ 13 രൂപ വരെ) ആയത് അടിയന്തര ഘട്ടങ്ങളിൽ മാത്രമാണ് ഉപയോഗിക്കുന്നത്. 2014 ജനുവരി മുതൽ നവംബർ വരെയുള്ള കാലയളവിൽ ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നും സംസ്ഥാനം ഇക്കാരണത്താൽ ഉപയുക്തമാക്കാത്ത 1241.498 ദശലക്ഷം യൂണിറ്റ് വൈദ്യുതി തമിഴ്നാട്ടിന്റെ ആവശ്യപ്രകാരം TANGEDCO-യ്ക്ക് വിൽപ്പന നടത്തിയിട്ടുണ്ട്.

വൈദ്യുതി ചാർജ്ജ് വർദ്ധന

32 (4023) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യമാണ് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുള്ളത്; വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിന് മുൻപുള്ളതിന്റെയും അതിന് ശേഷമുള്ള വർദ്ധിപ്പിച്ച ചാർജ്ജുകളുടെയും വിശദാംശം നൽകുമോ; ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

2012 ജൂലൈ 1-ാം തീയതി മുതലും, 2013 മേയ് 1-ാം തീയതി മുതലും, 2014 ആഗസ്റ്റ് 16-ാം തീയതി മുതലും 'മൂന്ന് പ്രാവശ്യം' വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1-ൽ* കൊടുത്തിരിക്കുന്നു. എന്നാൽ പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും 1-7-2012 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിൽ നിന്നും ഒഴിവാക്കാൻ സബ്സിഡി നൽകിയിരുന്നു. ഇത് ഇപ്പോഴും തുടരുന്നുണ്ട്.

വൈദ്യുതി ഉല്പാദനം

33 (4024) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞുവെന്നു വിശദമാക്കാമോ?

ഉത്തരം

2011 മുതൽ 2014 ഒക്ടോബർ വരെയുള്ള കാലയളവിൽ പൂർത്തീകരിച്ച 10 പദ്ധതികളിലൂടെ 36.06 MW/85.07MU വൈദ്യുതി ഉല്പാദനശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

പാലക്കാട് ജില്ലയിൽ കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

34 (4025) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ കെ.എസ്.ഇ.ബി.-യിൽ നിലവിൽ എത്ര മസ്ദൂർ തസ്തികകളാണുള്ളത് ;

(ബി) പുതുതായി ഉദ്ഘാടനം ചെയ്ത രണ്ട് സെക്ഷൻ ഓഫീസുകളിൽ മസ്ദൂർമാരെ നിയമിച്ചിട്ടുണ്ടോ ;

(സി) പാലക്കാട് ജില്ലയിൽ മസ്ദൂർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെയാണ് നിയമിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ഡി) ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly